**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3128          03/04/2013-ൽ മറുപടിയ്ക്ക്

## കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന വിവിധക്ഷേമ പദ്ധതികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം.. പാലിശ്ശേരി<br>,, സാജു പോൾ<br>,, പി. റ്റി. എ. റഹീം<br>,, കെ.കെ. നാരായണൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; പദ്ധതികളിലൂടെ യുള്ള ധനസഹായതുക കാലികമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ ; | എ) കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുകയും പെൻഷൻ തുക കാലികമായി വർദ്ധിപ്പിക്കാറുമുണ്ട്. അതനുസരിച്ച് നെൽകർഷകർക്ക് മാത്രമായി 2009 ആഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വന്ന കിസാൻ അഭിമാൻ പെൻഷൻ പദ്ധതിയിലെ അംഗങ്ങളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2011 ആഗസ്റ്റ് മാസം മുതൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി നടപ്പിലാക്കി. 2012 ഫെബ്രുവരി 13-ാം തീയതിയിലെ സർക്കാർ ഉത്തരവിലൂടെ പ്രതിമാസ കർഷക പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയാക്കി വർദ്ധിപ്പിച്ചു. നിലവിൽ 207844 കർഷകർക്ക് പെൻഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ തുക 500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) നിലവിലുള്ള പദ്ധതികൾ ഓരോന്നിനും യഥാർത്ഥത്തിൽ അർഹതയുള്ള എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കാൻ അടുത്ത സാമ്പത്തികവർഷം (2013 - 14) എന്തു തുകവീതം വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കാമോ ; | ബി) നിലവിലുള്ള ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം അർഹതയുള്ള എല്ലാ കർഷകർക്കും പെൻഷൻ ലഭ്യമാക്കുന്നതിന് ഏകദേശം 131.00 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. നിലവിൽ 207844 കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളത്. ഏകദേശം 10,000 കർഷകർകൂടി പദ്ധതിയിൽ അംഗത്വം നൽകുന്നതിന് |

അർഹരായിട്ടുണ്ട്. പ്രതിമാസം 500/- രൂപ നിരക്കിൽ 217800 കർഷകർക്ക് 2013-14 സാമ്പത്തിക വർഷം പെൻഷൻ നൽകുന്നതിന് 131.00 കോടി ആവശ്യമായി വരുന്നതാണ്

| | | | |
|---|---|---|---|
| സി) | ഓരോ പദ്ധതിയ്ക്കും 2013-14 വർഷത്തെ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതം; ഓരോ പദ്ധതിയുടെ കാര്യത്തിലും എത്ര ശതമാനം കുറവ് നേരിട്ടിട്ടുണ്ട് ? | സി) | 2013-14 വർഷത്തെ ബഡ്ജറ്റിൽ കർഷക പെൻഷൻ പദ്ധതിക്കായി 103.20 കോടി രൂപയാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് 7 ശതമാനം കുറവാണ്. |

Sd/-

**സെക്ഷൻ ഓഫീസർ**